(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസയ്ക്കായി ധനസ ഹായം നൽകുവാൻ പ്രത്യേക ഫണ്ട് രൂപീകരിക്കുവാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ)&(ബി) പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവരുടെ ചികിൽസ ക്കും, അത്യാഹിതങ്ങൾ മൂലമുള്ള മറ്റു അത്യാവശ്യ ചെലവുകൾക്കുമായി പിന്നോക്ക പട്ടിക വിഭാഗ ക്ഷേമ മന്ത്രിയുടെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 25,000 രൂപ വരെ കുടുംബവാർഷിക വരുമാന മുള്ളവർക്ക് 25,000 രൂപ വരെ സഹായം ലഭ്യമാക്കുന്നുണ്ട്.

4 (1808) പട്ടികജാതി, പട്ടികവർഗ്ഗം, പിന്നോക്കസമുദായം എന്നീ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവച്ച തുക

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. എം. മുരളി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പട്ടികജാതി ക്ഷേമം, പട്ടികവർഗ്ഗ ക്ഷേമം, പിന്നോക്ക സമുദായ ക്ഷേമം എന്നീ ഓരോ ഇനത്തിനും നീക്കിവച്ച തുക എത്രയാണ്;

(ബി) ഓരോ വർഷവും തമ്മിൽ ഓരോയിനത്തിനും വേണ്ടി എന്തു തുക വീതം ചെലവഴിച്ചു;

(സി) ഈ ഓരോയിനത്തിൽ നിന്നും ഓരോ വർഷവും എന്തു തുക വീതം വകമാറ്റി ചെലവുചെയ്തു;

(ഡി) ഈ ഓരോയിനത്തിലും ഓരോ വർഷവും എന്തു തുക വീതം ലാപ്സായി?

ഉത്തരം

(എ) നീക്കിവച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

	പജ. ക്ഷേമ	പവ. ക്ഷേമം	പി.സ. ക്ഷേമം
	(തുക ലക്ഷത്തിൽ)		
1996-97	23,683.43	5017.75	791.44
1997-98	35,050.72	7433.55	1371.64
1998-99	33,679.12	7325.01	1679.10
1999-2000	35,353.34	7599.22	3173.27

(ബി) ചെലവഴിച്ച തുക (ലക്ഷത്തിൽ

	പജ.ക്ഷേമം	പവ.ക്ഷേമം	പി.സ.ക്ഷേമം
1996-97	22,512.75	4951.47	874.23
1997-98	32,860.52	7327.75	1345.78
1998-99	33,049.18	7018.58	1749.14

LIBRARY ARCHIVES Kerala Legislative Assembly

	(താൽകാലികം)	(താൽകാലികം)	
1999-2000	7761.37	1675.51	931.88
			(31.10.99 വരെ)

(സി) വക മാറ്റി ചെലവ് ചെയ്തിട്ടില്ല.

(ഡി) പ്രത്യേക ഘടക പദ്ധതിയിലും ഗിരിവർഗ്ഗ ഉപപദ്ധതിയിലും, തുക ലാപ്സായിട്ടില്ല. വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റിൽ വരുത്തിയ കുറവുകാരണവും, കേന്ദ്ര പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭിക്കാതിരുന്നതിനാലുമാണ് പ്രധാനമായി 1996-97, 1997-98, 1998-99 വർഷങ്ങളിൽ വകയിരുത്തിയ തുകയ്ക്ക് ചെലവിലും അന്തരമുണ്ടായത്. 1997-98 ലും 1998-99 ലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡ് അതാതു വർഷം ചെലവഴിക്കാതിരുന്നതും കണക്കിലുള്ള ഈ അന്തരത്തിന് കാരണമായി.

5 (1809) പിന്നോക്ക സമുദായത്തിൽ പുതുതായി ഉൾപ്പെടുത്തുന്ന സമുദായങ്ങൾ

ശ്രീ. പാലോട് രവി :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും സമുദായത്തെ പുതുതായി പട്ടികജാതിയിൽപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതെല്ലാം സമുദായങ്ങളെയെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ ഒ.ബി.സി. എന്ന വിഭാഗത്തിൽ ഏതെല്ലാം ജാതികളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ഈ വിഭാഗത്തിൽ കൂടുതൽ സമുദായങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം സമുദായങ്ങളെയാണ് ഈ വിഭാഗത്തിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുതാൽപ്പര്യം മുൻനിർത്തി വെളിപ്പെടുത്താനാവില്ല.

(ബി) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി)&(ഡി) സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ഇക്കാര്യം തീരുമാനിക്കുന്നത്. കമ്മീഷന്റെ ഇക്കാര്യത്തിലുള്ള ശുപാർശകളൊന്നും തീരുമാനമെടുക്കാൻ അവശേഷിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly